**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3953** **28-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയും സ്വയം വിരമിക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും ആത്മഹത്യ ചെയ്ത പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയെന്നും ഏതെല്ലാം തസ്തികയിൽ ഉള്ളവരാണ് ആത്മഹത്യ ചെയ്തതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബ പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുമാണ്. കൂടാതെ ഇതിൽ നിന്നും ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ കണ്ടിട്ടുള്ളത്. എന്നാൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവെച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഘട്ടത്തിലും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br><br>ആധുനിക കാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നിലനിൽക്കുന്നത്. മാറിയ ജീവത നിലവാരവും ജീവിതശൈലിയും സമൂഹത്തിൽ വരുത്തിയ മാറ്റം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നപോലെ പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. 2016-2024 കാലയളവിൽ 128 പേരുടെ ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വയം വിരമിച്ചവരുടെ എണ്ണം 284 ആണ്. സ്വയം വിരമിക്കലിന് 2024-ൽ ലഭിച്ച 37 അപേക്ഷകൾ പരിശോധനയിലാണ്. വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.<br><br>തിരക്കേറിയ ജീവിതവും തുറന്ന ആശയ വിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസിക സംഘർഷം വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്.<br><br>പോലീസുദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പ് |

സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

## HATS

2017 -ൽ ആരംഭിച്ച HATS ( Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.

## Domestic Conflict Resolution Centre (DCRC)

ജില്ലാതലങ്ങളിൽ കൗൺസിലർമാരെയും സൈക്കോളജിസ്റ്റുകളെയും വനിതാ പോലീസുദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കുടുംബ കൗൺസിലിംഗ് സംവിധാനങ്ങൾക്കായി Domestic Conflict Resolution Centre (DCRC) പ്രവർത്തിച്ച് വരുന്നത് പോലീസുദ്യോഗസ്ഥരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിച്ച് വരുന്നുണ്ട് .

**മെന്ററിംഗ് സംവിധാനം**

സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായും വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് വെൽഫെയർ ബ്യൂറോ**

കേരള പോലീസ് ആക്ട് സെക്ഷൻ 104 ലെ വ്യവസ്ഥ പ്രകാരമാണ് പോലീസ് വെൽഫെയർ ബ്യൂറോ രൂപീകരിച്ചിട്ടുള്ളത്. സേനാംഗങ്ങളുടെയും അടുത്ത കുടുംബാംഗങ്ങളുടെയും ഗുരുതരമായ അസുഖങ്ങളുടെയും അപകടങ്ങളുടെയും സന്ദർഭത്തിൽ ചികിത്സയ്ക്കായി 3 ലക്ഷം രൂപവരെ ഗ്രാന്റായും 3 ലക്ഷം രൂപ വരെ പലിശ രഹിത വായ്പയായും അനുവദിച്ച വരുന്നു. സർവീസിലിരിക്കെ മരണപ്പെട്ടു പോകുന്ന സന്ദർഭത്തിൽ ഒരു ലക്ഷം രൂപവരെയും ഡ്യൂട്ടിയിലിരിക്കെ മരണപ്പെടുകയാണെങ്കിൽ 2 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു.

ഇതിനുപുറമെ കേരളാ പോലീസ് അമിനിറ്റി ഫണ്ടും നിലവിലുണ്ട്.

## Weekly Off

അർഹമായ ലീവുകൾ നൽകുന്നതിനും, Weekly Off നിർബന്ധമായും നൽകുന്നതിനും സംസ്ഥാന പോലീസ് മേധാവി പ്രത്യേക സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി ഉപയോഗത്തിനെതിരെ**

മദ്യപാന ശീലമുള്ളവരെ ലഹരിമുക്തരാക്കുന്നതിന് പ്രത്യേകം കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് നടത്തിവരുന്നു.

**മാനസിക പിരിമുറുക്കം ലഘൂകരിക്കൽ**

സേനാംഗങ്ങളുടെ പരിശീലന കാലയളവിൽതന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും, ആയോധന കലകളിലുള്ള പരിശീലനവും വഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

**8 മണിക്കൂർ ജോലി**

പോലീസ് സേനയ്ക്കിടയിൽ 8 മണിക്കൂർ ജോലി എന്നത് അത്ര വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്ന ഒന്നല്ല. എന്നാൽ, ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത് . തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ ഇതിനകം ഇത് നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

സംസ്ഥാനത്ത് പുതിയ 13 പോലീസ് സ്റ്റേഷനുകളും 19 സൈബർ പോലീസ് സ്റ്റേഷനുകളും 4 വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കുക എന്നത് ലക്ഷ്യം വെച്ചുകൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗവും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയ സൈബർ ഡിവിഷനും പുതിയ തസ്തികകൾ സൃഷ്ടിച്ച് ആരംഭിച്ചിട്ടുണ്ട്.

**പുതിയ തസ്തികകൾ**

മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലം മുതൽ ഈ വർഷം (മാർച്ച് 31) വരെ പോലീസ് സേനയിൽ മാത്രമായി 5,670 വിവിധ തസ്തികകൾ സൃഷ്ടിച്ച് ജോലി ഭാരം കുറച്ചിട്ടുണ്ട്.

**സേനയിലേക്ക് സാങ്കേതിക വിദഗ്ധരുടെ കടന്നുവരവ്**

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധിപേരാണ് സേനയിലേക്ക് പുതുതായി എത്തിച്ചേരുന്നത്. ഇവരുടെ സേവനം അതതു മേഖലയിലെ കുറ്റാന്വേഷണങ്ങളിലും മറ്റ് വികസന പ്രവർത്തനങ്ങളിലും വിനിയോഗിക്കാനാവുക എന്നത് പ്രധാനമാണ്. അത് കണക്കിലെടുത്തു കൊണ്ട് ഇത്തരം യോഗ്യതയുള്ളവരെ ആ വിഭാഗവുമായി ബന്ധപ്പെട്ട് നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് ക്യാന്റീൻ**

ദൈനംദിന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ജീവിതാവശ്യങ്ങൾക്ക് സമീപിക്കാവുന്ന സംവിധാനമാണ് പോലീസ് ക്യാന്റീൻ വഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. കമ്പോളവിലയിൽ നിന്ന് 30 ശതമാനം വരെ വിലക്കുറവിൽ പ്രവർത്തിച്ചിരുന്ന പോലീസ് ക്യാന്റീൻ പ്രവർത്തനം ജി.എസ്.ടി നടപ്പാക്കിയതിനെ തുടർന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് നികുതി ഇളവ് ഒഴിവാക്കപ്പെട്ടിരുന്നു. കേന്ദ്ര സർക്കാരുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി നികുതി ഇളവ് പുനസ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**പോലീസ് ഹൗസിംഗ് സൊസൈറ്റിയും പോലീസ് സ്റ്റോറുകളും**

ഭവന നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ സഹായത്തോടെ കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയും ജില്ലാടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സജീവമായി പ്രവർത്തിച്ചു വരുന്നു.

നീതിബോധം, മനുഷ്യാവകാശ സംരക്ഷണം, സേവനതത്പരത, സാമൂഹിക പ്രതിബദ്ധത, ശാസ്ത്രീയ അന്വേഷണരീതികൾ തുടങ്ങിയ മേഖലകളിൽ നമ്മുടെ പോലീസ് ഇന്ന് രാജ്യത്തിന് മാതൃകയാണ്. നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ

| | | | |
|---|---|---|---|
| | | | പരിഹരിച്ച് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസമാർജ്ജിക്കുന്നതിനും ഒപ്പം സേനാംഗങ്ങൾക്കിടയിൽ പൊതുവായ ജീവിത സാഹചര്യം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിക്കുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും സ്വയം വിരമിച്ച എത്ര പോലീസ് സേനാംഗങ്ങൾ ഉണ്ടെന്നും എത്രപേർ സ്വയം വിരമിക്കലിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബ പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുമാണ്. കൂടാതെ ഇതിൽ നിന്നും ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ കണ്ടിട്ടുള്ളത്. എന്നാൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവെച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഘട്ടത്തിലും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br><br>ആധുനിക കാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നിലനിൽക്കുന്നത്. മാറിയ ജീവത നിലവാരവും ജീവിതശൈലിയും സമൂഹത്തിൽ വരുത്തിയ മാറ്റം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നപോലെ പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. 2016-2024 കാലയളവിൽ 128 പേരുടെ ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വയം വിരമിച്ചവരുടെ എണ്ണം 284 ആണ്. സ്വയം വിരമിക്കലിന് 2024-ൽ ലഭിച്ച 37 അപേക്ഷകൾ പരിശോധനയിലാണ്. വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.<br><br>തിരക്കേറിയ ജീവിതവും തുറന്ന ആശയ വിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസിക സംഘർഷം വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്.<br><br>പോലീസുദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**HATS**<br><br>2017 -ൽ ആരംഭിച്ച HATS ( Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ |

കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.

**Domestic Conflict Resolution Centre (DCRC)**

ജില്ലാതലങ്ങളിൽ കൗൺസിലർമാരെയും സൈക്കോളജിസ്റ്റുകളെയും വനിതാ പോലീസുദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കുടുംബ കൗൺസിലിംഗ് സംവിധാനങ്ങൾക്കായി Domestic Conflict Resolution Centre (DCRC) പ്രവർത്തിച്ച് വരുന്നത് പോലീസുദ്യോഗസ്ഥരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിച്ച് വരുന്നുണ്ട് .

**മെന്ററിംഗ് സംവിധാനം**

സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായും വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് വെൽഫെയർ ബ്യൂറോ**

കേരള പോലീസ് ആക്ട് സെക്ഷൻ 104 ലെ വ്യവസ്ഥ പ്രകാരമാണ് പോലീസ് വെൽഫെയർ ബ്യൂറോ രൂപീകരിച്ചിട്ടുള്ളത്. സേനാംഗങ്ങളുടെയും അടുത്ത കുടുംബാംഗങ്ങളുടെയും ഗുരുതരമായ അസുഖങ്ങളുടെയും അപകടങ്ങളുടെയും സന്ദർഭത്തിൽ ചികിത്സയ്ക്കായി 3 ലക്ഷം രൂപവരെ ഗ്രാന്റായും 3 ലക്ഷം രൂപ വരെ പലിശ രഹിത വായ്പയായും അനുവദിച്ചു വരുന്നു. സർവീസിലിരിക്കെ മരണപ്പെട്ടു പോകുന്ന സന്ദർഭത്തിൽ ഒരു ലക്ഷം രൂപവരെയും ഡ്യൂട്ടിയിലിരിക്കെ മരണപ്പെടുകയാണെങ്കിൽ 2 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു.

ഇതിനുപുറമെ കേരളാ പോലീസ് അമിനിറ്റി ഫണ്ടും നിലവിലുണ്ട്.

**Weekly Off**

അർഹമായ ലീവുകൾ നൽകുന്നതിനും, Weekly Off നിർബന്ധമായും നൽകുന്നതിനും സംസ്ഥാന പോലീസ് മേധാവി പ്രത്യേക സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി ഉപയോഗത്തിനെതിരെ**

മദ്യപാന ശീലമുള്ളവരെ ലഹരിമുക്തരാക്കുന്നതിന് പ്രത്യേകം കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് നടത്തിവരുന്നു.

**മാനസിക പിരിമുറുക്കം ലഘൂകരിക്കൽ**

സേനാംഗങ്ങളുടെ പരിശീലന കാലയളവിൽതന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും, ആയോധന കലകളിലുള്ള പരിശീലനവും വഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

**8 മണിക്കൂർ ജോലി**

പോലീസ് സേനയ്ക്കിടയിൽ 8 മണിക്കൂർ ജോലി എന്നത് അത്ര വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്ന ഒന്നല്ല. എന്നാൽ, ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത് . തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ ഇതിനകം ഇത് നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

സംസ്ഥാനത്ത് പുതിയ 13 പോലീസ് സ്റ്റേഷനുകളും 19 സൈബർ പോലീസ് സ്റ്റേഷനുകളും 4 വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കുക എന്നത് ലക്ഷ്യം വെച്ചുകൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്‌പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗവും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയ സൈബർ ഡിവിഷനും പുതിയ തസ്തികകൾ സൃഷ്ടിച്ച് ആരംഭിച്ചിട്ടുണ്ട്.

**പുതിയ തസ്തികകൾ**

മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലം മുതൽ ഈ വർഷം (മാർച്ച് 31) വരെ പോലീസ് സേനയിൽ മാത്രമായി 5,670 വിവിധ തസ്തികകൾ സൃഷ്ടിച്ച് ജോലി ഭാരം കുറച്ചിട്ടുണ്ട്.

**സേനയിലേക്ക് സാങ്കേതിക വിദഗ്ധരുടെ കടന്നുവരവ്**

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധിപേരാണ് സേനയിലേക്ക് പുതുതായി എത്തിച്ചേരുന്നത്. ഇവരുടെ സേവനം അതതു മേഖലയിലെ കുറ്റാന്വേഷണങ്ങളിലും മറ്റ് വികസന പ്രവർത്തനങ്ങളിലും വിനിയോഗിക്കാനാവുക എന്നത് പ്രധാനമാണ്. അത് കണക്കിലെടുത്തു കൊണ്ട് ഇത്തരം യോഗ്യതയുള്ളവരെ ആ വിഭാഗവുമായി ബന്ധപ്പെട്ട് നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് ക്യാന്റീൻ**

ദൈനംദിന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ജീവിതാവശ്യങ്ങൾക്ക് സമീപിക്കാവുന്ന സംവിധാനമാണ് പോലീസ് ക്യാന്റീൻ വഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. കമ്പോളവിലയിൽ നിന്ന് 30 ശതമാനം വരെ വിലക്കുറവിൽ പ്രവർത്തിച്ചിരുന്ന പോലീസ് ക്യാന്റീൻ പ്രവർത്തനം ജി.എസ്.ടി നടപ്പാക്കിയതിനെ തുടർന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് നികുതി ഇളവ് ഒഴിവാക്കപ്പെട്ടിരുന്നു. കേന്ദ്ര സർക്കാരുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി നികുതി ഇളവ് പുനസ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**പോലീസ് ഹൗസിംഗ് സൊസൈറ്റിയും പോലീസ് സ്റ്റോറുകളും**

ഭവന നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ സഹായത്തോടെ കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയും ജില്ലാടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സജീവമായി പ്രവർത്തിച്ചു വരുന്നു.

നീതിബോധം, മനുഷ്യാവകാശ സംരക്ഷണം, സേവനതത്പരത, സാമൂഹിക പ്രതിബദ്ധത, ശാസ്ത്രീയ അന്വേഷണരീതികൾ തുടങ്ങിയ മേഖലകളിൽ നമ്മുടെ പോലീസ് ഇന്ന് രാജ്യത്തിന് മാതൃകയാണ്. നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ പരിഹരിച്ച് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസമാർജ്ജിക്കുന്നതിനും ഒപ്പം സേനാംഗങ്ങൾക്കിടയിൽ പൊതുവായ ജീവിത

| | | | |
|---|---|---|---|
| | | | സാഹചര്യം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിക്കുന്നത്. |
| (സി) | മേലുദ്യോഗസ്ഥരിൽ നിന്നുള്ള സമ്മർദ്ദവും അമിത ജോലിഭാരവുമാണ് ആത്മഹത്യക്കും സ്വയം വിരമിക്കലിനും കാരണമാകുന്നത് എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബ പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുമാണ്. കൂടാതെ ഇതിൽ നിന്നും ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ കണ്ടിട്ടുള്ളത്. എന്നാൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവെച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഘട്ടത്തിലും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br><br>ആധുനിക കാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നിലനിൽക്കുന്നത്. മാറിയ ജീവിത നിലവാരവും ജീവിതശൈലിയും സമൂഹത്തിൽ വരുത്തിയ മാറ്റം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നപോലെ പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. 2016-2024 കാലയളവിൽ 128 പേരുടെ ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വയം വിരമിച്ചവരുടെ എണ്ണം 284 ആണ്. സ്വയം വിരമിക്കലിന് 2024-ൽ ലഭിച്ച 37 അപേക്ഷകൾ പരിശോധനയിലാണ്. വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.<br><br>തിരക്കേറിയ ജീവിതവും തുറന്ന ആശയ വിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസിക സംഘർഷം വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്.<br><br>പോലീസുദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**HATS**<br><br>2017 -ൽ ആരംഭിച്ച HATS ( Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.<br><br>**Domestic Conflict Resolution Centre (DCRC)** |

ജില്ലാതലങ്ങളിൽ കൗൺസിലർമാരെയും സൈക്കോളജിസ്റ്റുകളെയും വനിതാ പോലീസുദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കുടുംബ കൗൺസിലിംഗ് സംവിധാനങ്ങൾക്കായി Domestic Conflict Resolution Centre (DCRC) പ്രവർത്തിച്ച് വരുന്നത് പോലീസുദ്യോഗസ്ഥരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിച്ച് വരുന്നുണ്ട് .

**മെന്ററിംഗ് സംവിധാനം**

സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായും വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് വെൽഫെയർ ബ്യൂറോ**

കേരള പോലീസ് ആക്ട് സെക്ഷൻ 104 ലെ വ്യവസ്ഥ പ്രകാരമാണ് പോലീസ് വെൽഫെയർ ബ്യൂറോ രൂപീകരിച്ചിട്ടുള്ളത്. സേനാംഗങ്ങളുടെയും അടുത്ത കുടുംബാംഗങ്ങളുടെയും ഗുരുതരമായ അസുഖങ്ങളുടെയും അപകടങ്ങളുടെയും സന്ദർഭത്തിൽ ചികിത്സയ്ക്കായി 3 ലക്ഷം രൂപവരെ ഗ്രാന്റായും 3 ലക്ഷം രൂപ വരെ പലിശ രഹിത വായ്പയായും അനുവദിച്ചു വരുന്നു. സർവീസിലിരിക്കെ മരണപ്പെട്ടു പോകുന്ന സന്ദർഭത്തിൽ ഒരു ലക്ഷം രൂപവരെയും ഡ്യൂട്ടിയിലിരിക്കെ മരണപ്പെടുകയാണെങ്കിൽ 2 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു.

ഇതിനുപുറമെ കേരളാ പോലീസ് അമിനിറ്റി ഫണ്ടും നിലവിലുണ്ട്.

## Weekly Off

അർഹമായ ലീവുകൾ നൽകുന്നതിനും, Weekly Off നിർബന്ധമായും നൽകുന്നതിനും സംസ്ഥാന പോലീസ് മേധാവി പ്രത്യേക സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി ഉപയോഗത്തിനെതിരെ**

മദ്യപാന ശീലമുള്ളവരെ ലഹരിമുക്തരാക്കുന്നതിന് പ്രത്യേകം കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് നടത്തിവരുന്നു.

**മാനസിക പിരിമുറുക്കം ലഘൂകരിക്കൽ**

സേനാംഗങ്ങളുടെ പരിശീലന കാലയളവിൽതന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും, ആയോധന കലകളിലുള്ള പരിശീലനവും വഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

**8 മണിക്കൂർ ജോലി**

പോലീസ് സേനയ്ക്കിടയിൽ 8 മണിക്കൂർ ജോലി എന്നത് അത്ര വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്ന ഒന്നല്ല. എന്നാൽ, ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത് . തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ ഇതിനകം ഇത് നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

സംസ്ഥാനത്ത് പുതിയ 13 പോലീസ് സ്റ്റേഷനുകളും 19 സൈബർ പോലീസ് സ്റ്റേഷനുകളും 4 വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കുക എന്നത് ലക്ഷ്യം വെച്ചുകൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗവും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയ സൈബർ ഡിവിഷനും പുതിയ തസ്തികകൾ സൃഷ്ടിച്ച് ആരംഭിച്ചിട്ടുണ്ട്.

**പുതിയ തസ്തികകൾ**

മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലം മുതൽ ഈ വർഷം (മാർച്ച് 31) വരെ പോലീസ് സേനയിൽ മാത്രമായി 5,670 വിവിധ തസ്തികകൾ സൃഷ്ടിച്ച് ജോലി ഭാരം കുറച്ചിട്ടുണ്ട്.

**സേനയിലേക്ക് സാങ്കേതിക വിദഗ്ധരുടെ കടന്നുവരവ്**

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധിപേരാണ് സേനയിലേക്ക് പുതുതായി എത്തിച്ചേരുന്നത്. ഇവരുടെ സേവനം അതതു മേഖലയിലെ കുറ്റാന്വേഷണങ്ങളിലും മറ്റ് വികസന പ്രവർത്തനങ്ങളിലും വിനിയോഗിക്കാനാവുക എന്നത്

| | | | |
|---|---|---|---|
| | | | പ്രധാനമാണ്. അത് കണക്കിലെടുത്തു കൊണ്ട് ഇത്തരം യോഗ്യതയുള്ളവരെ ആ വിഭാഗവുമായി ബന്ധപ്പെട്ട് നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>**പോലീസ് ക്യാന്റീൻ**<br><br>ദൈനംദിന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ജീവിതാവശ്യങ്ങൾക്ക് സമീപിക്കാവുന്ന സംവിധാനമാണ് പോലീസ് ക്യാന്റീൻ വഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. കമ്പോളവിലയിൽ നിന്ന് 30 ശതമാനം വരെ വിലക്കുറവിൽ പ്രവർത്തിച്ചിരുന്ന പോലീസ് ക്യാന്റീൻ പ്രവർത്തനം ജി.എസ്.ടി നടപ്പാക്കിയതിനെ തുടർന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് നികുതി ഇളവ് ഒഴിവാക്കപ്പെട്ടിരുന്നു. കേന്ദ്ര സർക്കാരുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി നികുതി ഇളവ് പുനസ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>**പോലീസ് ഹൗസിംഗ് സൊസൈറ്റിയും പോലീസ് സ്റ്റോറുകളും**<br><br>ഭവന നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ സഹായത്തോടെ കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയും ജില്ലാടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സജീവമായി പ്രവർത്തിച്ചു വരുന്നു.<br><br>നീതിബോധം, മനുഷ്യാവകാശ സംരക്ഷണം, സേവനതത്പരത, സാമൂഹിക പ്രതിബദ്ധത, ശാസ്ത്രീയ അന്വേഷണരീതികൾ തുടങ്ങിയ മേഖലകളിൽ നമ്മുടെ പോലീസ് ഇന്ന് രാജ്യത്തിന് മാതൃകയാണ്. നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ പരിഹരിച്ച് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസമാർജ്ജിക്കുന്നതിനും ഒപ്പം സേനാംഗങ്ങൾക്കിടയിൽ പൊതുവായ ജീവിത സാഹചര്യം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിക്കുന്നത്. |
| (ഡി) | സേനാംഗങ്ങൾക്ക് സമ്മർദ്ദരഹിതമായും ആത്മവിശ്വാസത്തോടെയും ജോലി ചെയ്യാനുള്ള സാഹചര്യം പോലീസ് സേനയിൽ ഉണ്ടാക്കുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബ പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുമാണ്. കൂടാതെ ഇതിൽ നിന്നും ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ |

കണ്ടിട്ടുള്ളത്. എന്നാൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവെച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഘട്ടത്തിലും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

ആധുനിക കാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നിലനിൽക്കുന്നത്. മാറിയ ജീവത നിലവാരവും ജീവിതശൈലിയും സമൂഹത്തിൽ വരുത്തിയ മാറ്റം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നപോലെ പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. 2016-2024 കാലയളവിൽ 128 പേരുടെ ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വയം വിരമിച്ചവരുടെ എണ്ണം 284 ആണ്. സ്വയം വിരമിക്കലിന് 2024-ൽ ലഭിച്ച 37 അപേക്ഷകൾ പരിശോധനയിലാണ്. വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

തിരക്കേറിയ ജീവിതവും തുറന്ന ആശയ വിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസിക സംഘർഷം വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്.

പോലീസുദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

### HATS

2017 -ൽ ആരംഭിച്ച HATS ( Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു.

### Domestic Conflict Resolution Centre (DCRC)

ജില്ലാതലങ്ങളിൽ കൗൺസിലർമാരെയും സൈക്കോളജിസ്റ്റുകളെയും വനിതാ പോലീസുദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കുടുംബ കൗൺസിലിംഗ് സംവിധാനങ്ങൾക്കായി Domestic Conflict Resolution Centre (DCRC) പ്രവർത്തിച്ച് വരുന്നത് പോലീസുദ്യോഗസ്ഥരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിച്ച് വരുന്നുണ്ട് .

**മെന്ററിംഗ് സംവിധാനം**

സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായും വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് വെൽഫെയർ ബ്യൂറോ**

കേരള പോലീസ് ആക്ട് സെക്ഷൻ 104 ലെ വ്യവസ്ഥ പ്രകാരമാണ് പോലീസ് വെൽഫെയർ ബ്യൂറോ രൂപീകരിച്ചിട്ടുള്ളത്. സേനാംഗങ്ങളുടെയും അടുത്ത കുടുംബാംഗങ്ങളുടെയും ഗുരുതരമായ അസുഖങ്ങളുടെയും അപകടങ്ങളുടെയും സന്ദർഭത്തിൽ ചികിത്സയ്ക്കായി 3 ലക്ഷം രൂപവരെ ഗ്രാന്റായും 3 ലക്ഷം രൂപ വരെ പലിശ രഹിത വായ്പയായും അനുവദിച്ചു വരുന്നു. സർവീസിലിരിക്കെ മരണപ്പെട്ടു പോകുന്ന സന്ദർഭത്തിൽ ഒരു ലക്ഷം രൂപവരെയും ഡ്യൂട്ടിയിലിരിക്കെ മരണപ്പെടുകയാണെങ്കിൽ 2 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു.

ഇതിനുപുറമെ കേരളാ പോലീസ് അമിനിറ്റി ഫണ്ടും നിലവിലുണ്ട്.

**Weekly Off**

അർഹമായ ലീവുകൾ നൽകുന്നതിനും, Weekly Off നിർബന്ധമായും നൽകുന്നതിനും സംസ്ഥാന പോലീസ് മേധാവി പ്രത്യേക സർക്കുലർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലഹരി ഉപയോഗത്തിനെതിരെ**

മദ്യപാന ശീലമുള്ളവരെ ലഹരിമുക്തരാക്കുന്നതിന് പ്രത്യേകം കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് നടത്തിവരുന്നു.

**മാനസിക പിരിമുറുക്കം ലഘൂകരിക്കൽ**

സേനാംഗങ്ങളുടെ പരിശീലന കാലയളവിൽതന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും, ആയോധന കലകളിലുള്ള പരിശീലനവും വഴി മനോബലം വർദ്ധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

**8 മണിക്കൂർ ജോലി**

പോലീസ് സേനയ്ക്കിടയിൽ 8 മണിക്കൂർ ജോലി എന്നത് അത്ര വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്ന ഒന്നല്ല. എന്നാൽ, ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത് . തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ ഇതിനകം ഇത് നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പുതിയ പോലീസ് സ്റ്റേഷനുകൾ**

സംസ്ഥാനത്ത് പുതിയ 13 പോലീസ് സ്റ്റേഷനുകളും 19 സൈബർ പോലീസ് സ്റ്റേഷനുകളും 4 വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കുക എന്നത് ലക്ഷ്യം വെച്ചുകൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗവും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പുതിയ സൈബർ ഡിവിഷനും പുതിയ തസ്തികകൾ സൃഷ്ടിച്ച് ആരംഭിച്ചിട്ടുണ്ട്.

**പുതിയ തസ്തികകൾ**

മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലം മുതൽ ഈ വർഷം (മാർച്ച് 31) വരെ പോലീസ് സേനയിൽ മാത്രമായി 5,670 വിവിധ തസ്തികകൾ സൃഷ്ടിച്ച് ജോലി ഭാരം കുറച്ചിട്ടുണ്ട്.

**സേനയിലേക്ക് സാങ്കേതിക വിദഗ്ധരുടെ കടന്നുവരവ്**

സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധിപേരാണ് സേനയിലേക്ക് പുതുതായി എത്തിച്ചേരുന്നത്. ഇവരുടെ സേവനം അതതു മേഖലയിലെ കുറ്റാന്വേഷണങ്ങളിലും മറ്റ് വികസന പ്രവർത്തനങ്ങളിലും വിനിയോഗിക്കാനാവുക എന്നത് പ്രധാനമാണ്. അത് കണക്കിലെടുത്തു കൊണ്ട് ഇത്തരം യോഗ്യതയുള്ളവരെ ആ വിഭാഗവുമായി ബന്ധപ്പെട്ട് നിയമിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് ക്യാന്റീൻ**

ദൈനംദിന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ജീവിതാവശ്യങ്ങൾക്ക് സമീപിക്കാവുന്ന

| | | | |
|---|---|---|---|
| | | | സംവിധാനമാണ് പോലീസ് ക്യാന്റീൻ വഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്. കമ്പോളവിലയിൽ നിന്ന് 30 ശതമാനം വരെ വിലക്കുറവിൽ പ്രവർത്തിച്ചിരുന്ന പോലീസ് ക്യാന്റീൻ പ്രവർത്തനം ജി.എസ്.ടി നടപ്പാക്കിയതിനെ തുടർന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് നികുതി ഇളവ് ഒഴിവാക്കപ്പെട്ടിരുന്നു. കേന്ദ്ര സർക്കാരുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി നികുതി ഇളവ് പുനസ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>**പോലീസ് ഹൗസിംഗ് സൊസൈറ്റിയും പോലീസ് സ്റ്റോറുകളും**<br><br>ഭവന നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ സഹായത്തോടെ കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയും ജില്ലാടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സജീവമായി പ്രവർത്തിച്ച് വരുന്നു.<br><br>നീതിബോധം, മനുഷ്യാവകാശ സംരക്ഷണം, സേവനതത്പരത, സാമൂഹിക പ്രതിബദ്ധത, ശാസ്ത്രീയ അന്വേഷണരീതികൾ തുടങ്ങിയ മേഖലകളിൽ നമ്മുടെ പോലീസ് ഇന്ന് രാജ്യത്തിന് മാതൃകയാണ്. നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ പരിഹരിച്ച് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസമാർജ്ജിക്കുന്നതിനും ഒപ്പം സേനാംഗങ്ങൾക്കിടയിൽ പൊതുവായ ജീവിത സാഹചര്യം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ